~~Athira~~ Benny
30

**401**

# SSLC MODEL EXAMINATION – FEBRUARY, 2013

## മലയാളം (പേപ്പർ-I)

സമയം : 1½ മണിക്കൂർ | ആകെ മാർക്ക് : 40

---

**പൊതുനിർദ്ദേശങ്ങൾ**

* ആദ്യത്തെ പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്. ഇത് ചോദ്യങ്ങൾ വായിക്കുന്നതിനും മനസ്സിൽ ഉത്തരങ്ങൾ ക്രമീകരിക്കുന്നതിനുമായി പ്രയോജനപ്പെടുത്തണം.
* നിർദ്ദേശങ്ങൾ ശ്രദ്ധിച്ച് വായിച്ചു മനസ്സിലാക്കിയതിനുശേഷം ഉത്തരമെഴുതുക.
* ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

(മാർക്ക്)

ഒന്നു മുതൽ നാലുവരെയുള്ള ചോദ്യങ്ങൾക്ക് 1 സ്കോർ വീതം. [4×1 = 4]

(Q1) ഡിണ്ഡിമകല്പന്മാരായ പുരുഷ കഥാപാത്രങ്ങൾ ഷേക്സ്പിയർ കൃതികളിലുണ്ട്. അടിയിൽ വരയിട്ടിരിക്കുന്ന പദത്തിന് സന്ദർഭത്തിലുള്ള ഉചിതമായ അർത്ഥം എടുത്തെഴുതുക :

(അ) ചെണ്ടകൊട്ടുന്നവർ

(ആ) കഠിനഹൃദയർ

(ഇ) പ്രസിദ്ധർ

(ഈ) പരോപകാരികൾ

(Q2) മാതൃകയിൽ കാണുന്നതുപോലെ പദച്ചേരുവയെ ഘടകങ്ങളാക്കുക :

മാതൃക : കാതരനയന – കാതരമായ നയനമുള്ളവൾ

രതിപതി – രതിയുടെ പതി

കലാനിദർശനം

(Q3) താഴെ കൊടുത്തിട്ടുള്ള വാക്യങ്ങളിൽ 'നിഷ്കണ്ടകം' എന്ന പദം ഏറ്റവും ശരിയായി ഉപയോഗിച്ചിട്ടുള്ള വാക്യം എടുത്തെഴുതുക

(അ) നിഷ്കണ്ടകമായ വസ്തുക്കളോട് മനുഷ്യന് [illegible]

(ആ) മനോഹരമായ ഒരു ശില്പത്തെ നിഷ്കണ്ടകമാക്കിയിട്ട് ആർക്കാണ് പ്രയോജനം.

(ഇ) നിഷ്കണ്ടകമായ രാജ്യം ഭരണാധികാരികളുടെ സ്വപ്നമാണ്.

(ഈ) നിഷ്കണ്ടകം [illegible] രാജാക്കന്മാരുടെ പ്രധാന വിനോദം.

(Q4) നല്ല + അമ്മ = നല്ലമ്മ. പദങ്ങൾ കൂട്ടിച്ചേർത്തപ്പോൾ നഷ്ടമായ വർണ്ണം ഏതെന്ന് എടുത്തെഴുതുക :

(അ) യ

(ആ) അ

(ഇ) ല

(ഈ) ല്ല

5, 6 ചോദ്യങ്ങൾക്ക് 2 സ്കോർ വീതം. [2×2=4]

(Q5) "ചെരിപ്പില്ലാതെ നിങ്ങുമായിരങ്ങളോടൊത്തു

ചരിക്കെപ്പാദം കീറി വന്നൊരീ വിള്ളലെല്ലാം" (വിണ്ട കാലടികൾ)

അടിയിൽ വരയിട്ടിരിക്കുന്ന വരി അർത്ഥമാക്കുന്നതെന്ത് ? വിശദമാക്കുക.

(Q6) 'ആർട്ട് അറ്റാക്ക്' എന്ന ചെറുകഥയുടെ തലക്കെട്ടിന്റെ ഔചിത്യം പരിശോധിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ച് എണ്ണത്തിന് അരപ്പുറത്തിൽ (50 വാക്ക്) കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം. [5×4=20]

താഴെ കൊടുത്തിട്ടുള്ള കാവ്യഭാഗങ്ങൾ താരതമ്യം ചെയ്ത് കുറിപ്പെഴുതുക. കാവ്യഭംഗി, ഭാഷ, ആശയം എന്നിവ പരിഗണിക്കണം.

(Q7)
- "മിന്നൽക്കൊടിയിറങ്ങി മന്നിലേ വരികയോ ?
  വിധുമണ്ഡലമിറങ്ങി ക്ഷിതിയിലേ പോരികയോ ?
  സ്വർണ്ണവർണ്ണമാമന്നം പറന്നിങ്ങു വരികയോ ?
  കണ്ണുകൾക്കിതു നല്ല പീയൂഷത്ത്ധരികയോ ?" (നളചരിതം ആട്ടക്കഥ)

- "ഈവകപ്പെണ്ണുങ്ങൾ ഭൂമിലുണ്ടോ ?
  മാനത്തുന്നെങ്ങാനം പൊട്ടിവീണോ ?
  ഭൂമിന്ന് തനിയേ മുളച്ചുവന്നോ ?
  എന്തു നിറമെന്നു ചൊല്ലേണ്ടു ഞാൻ ?" (വടക്കൻ പാട്ട്)

(Q8) "ഒരുദിവസം സ്ഥലത്തുള്ള പോലീസ് സ്റ്റേഷനിൽനിന്നും മൂന്നു വലിയ ഇരുമ്പ് പെട്ടികൾ ഏറ്റുവാങ്ങാനുള്ള നോട്ടീസ് കിട്ടി. അതു നിറയെ ഉന്നതതരം പട്ടാള ഉദ്യോഗസ്ഥന്റെ ഉടുപ്പുകളായിരുന്നു".

'പട്ടാളക്കാരൻ' എന്ന കഥയിലെ ഈ വാക്യങ്ങൾ കഥയുടെ ഭാവതലത്തെ നിർവചിക്കുന്നുണ്ടോ ? വിശദമാക്കുക.

(Q9) • കഷ്ടിച്ച് കഴിഞ്ഞുകൂടാനുള്ള വകയൊക്കെ ഇല്ലത്തുണ്ട്. പോരാത്തേന് ഉരപ്പുരോം ചക്കിം ഒക്കണ്ടേനിം. എനിക്ക് സുഖാവാൻ ഇത്രയൊക്കേ വേണ്ടൂ.

• മാറ്റ്യാൻ മാറ്റ്യാൻ എന്നാണ് എല്ലാവരും എന്നെ വിളിക്കാറ്. അതൊന്നും ഞാൻ കൂട്ടാക്കാറുമില്ല്യ. എന്നല്ലാ, ഞാൻ അവരെയും മാറ്റ്യാന്മാരായാണ് കരുതാറ്.

• പിന്നറിടൊരു താമസമുണ്ടായിട്ടുണ്ട്, അയ്യാ...........തേച്ചുകുളി, ചതുർവിധ ഭോജ്യരസങ്ങളോടും കൂടിയ ഭക്ഷണം, സുഖമായ ഉറക്കം, നേരമ്പോക്ക് പറയല്. ഇങ്ങന്യങ്ങട് കഴിയാൻ തുടങ്ങി.

(മുരിഞ്ഞപ്പേരീം ചോറും)

ഈ വിവരണത്തിലൂടെ വ്യക്തമാകുന്ന ആഖ്യാതാവിന്റെ (പറയുന്ന ആളിന്റെ) സ്വഭാവം നിരൂപണം ചെയ്യുക.

(Q10) • "അവിടെ ഒരു കുടിലുകെട്ടി പുട്ടും പഴവും വിറ്റിരുന്നെങ്കിൽ അവന്റെ ചെലവിനുള്ളത് കിട്ടിയേനെ."

• "തീരെ ഗതികെട്ടാൽ കുടിച്ച് ചാകാൻ അവന് വല്ലവരുടേയും കിണറന്വേഷി ക്കേണ്ടല്ലോ". ഉതുപ്പാന്റെ പ്രവൃത്തികണ്ട നാട്ടുകാരുടെ പ്രതികരണമാണ് മുകളിൽ കൊടുത്ത വാക്യങ്ങൾ. ജനങ്ങളുടെ ഈ പ്രതികരണത്തോടുള്ള നിങ്ങളുടെ നിലപാടെന്താണ് ? വിശദമാക്കുക.

(Q11) • "ചെമ്പനും കാരിക്കും പല്ല് നാല്
ചെമ്പനും കാരിക്കും വട്ടക്കൊമ്പ് "

• "പുല്ലയ്ക്കും മയ്ലയ്ക്കും പല്ല് രണ്ട്
പുല്ലയ്ക്കും മയ്ലയ്ക്കും സൂചിക്കൊമ്പ് "

ഇത്തരം വാക്യങ്ങൾ 'തട്ടകം' എന്ന നോവലിന് നൽകുന്ന ഭാഷാപരമായ മേന്മയെന്ത് ? വ്യക്തമാക്കുക.

(Q12) • നല്ല മരതകക്കല്ലിനോടൊത്തൊരു (അഭിമന്യുവിനെ വർണ്ണിക്കുന്നത്—
എഴുത്തച്ഛൻ)

• ആറ്റിൽ ചെന്താമര പൂത്തപോലെ (പൂമാതെയ് പൊന്നമ്മയുടെ കഥ—
നാടൻ പാട്ട്)

അഭിമന്യുവിനെ മരതകക്കല്ലിനോടും പൂമാതെയ് പൊന്നമ്മയെ ചെന്താമരയോടു മാണല്ലോ സാദൃശ്യപ്പെടുത്തിയിട്ടുള്ളത്. കഥാപാത്രങ്ങളുടെ ഏതെല്ലാം ഗുണവിശേഷങ്ങൾ ഇതിലൂടെ വ്യക്തമാകുന്നു? താരതമ്യം ചെയ്ത് കുറിപ്പെഴുതുക.

13, 14 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ (100 വാക്ക്) ഉത്തരമെഴുതുക. സ്കോർ 6. [1×6=6]

(Q13) •"എന്തു കഷ്ടപ്പാടുണ്ടായാലും ക്ഷമാപൂർവം സഹിക്കുന്നവളാണ് ഉത്തമ സ്ത്രീ".

(സാഹിത്യത്തിലെ സ്ത്രീ—മുണ്ടശ്ശേരി)

•കിടക്കാൻ വീടില്ല, കൈവശം ഒരൊറ്റ പൈസയില്ല, ഒന്നിനും കൊള്ളാത്ത ഒരു വൃദ്ധന്റെ പെണ്ണായിപ്പോയല്ലോ ഞാൻ.

•ഇനി എനിക്ക് എന്നാണ് ഒരു വീടുണ്ടാവുക ? എന്റെ ജീവിതം നശിച്ചു.

(കടലിന്റെ വക്കത്ത് ഒരു വീട്- മാധവിക്കുട്ടി)

മുണ്ടശ്ശേരിയുടെ നിരീക്ഷണത്തിനുള്ള വിശദീകരണമായി 'കടലിന്റെ വക്കത്ത് ഒരു വീട്' എന്ന കഥയിലെ സ്ത്രീയെ പരിഗണിക്കാമോ ? കഥയിൽനിന്നുള്ള സൂചനകൾകൂടി പരിഗണിച്ച് വിശദമാക്കുക.

(Q14) "എന്നിട്ടും അർജ്ജുനന് ആ ഗാണ്ഡീവത്തിലും ആ ആവനാഴിയിലുമുള്ള മമതാഭിമാനം—അവ തനിക്കുണ്ടെന്ന ഊറ്റം—ഉപേക്ഷിപ്പാൻ സാധിച്ചില്ലെന്നതാണ് ഈ വിഷാദകഥയുടെ അങ്ങേയറ്റം".

(അർജ്ജുനവിഷാദയോഗം—കുട്ടിക്കൃഷ്ണമാരാർ)

ഇതിഹാസ സന്ദർഭത്തിന് വർത്തമാനകാലത്തും പ്രസക്തി നഷ്ടപ്പെട്ടിട്ടില്ലെന്ന് നിങ്ങൾ കരുതുന്നുണ്ടോ? വിശദമാക്കുക.

ഒരു പുറത്തിൽ കവിയാതെ (100 വാക്ക്) ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. സ്കോർ 6. [1×6=6]

(Q15) ചുവടെ കൊടുത്തിട്ടുള്ള കാവ്യഭാഗത്തിന് ആസ്വാദനം തയ്യാറാക്കുക :

(ആശയം, പ്രയോഗഭംഗി, സമകാലികപ്രസക്തി എന്നിവ പരിഗണിക്കണം)

"ഓർക്കുക.
അച്ഛനും അമ്മയും പ്രണയിച്ച ഭാഷ മലയാളം.
കുമ്പിളിൽ കഞ്ഞി വിശപ്പാറ്റുവാൻ വാക്കുതന്ന മലയാളം.
പെങ്ങളോടെല്ലാം പറഞ്ഞു തളിർക്കുവാൻ വന്ന മലയാളം.
കൂലിപോരെന്നതറിഞ്ഞു പിണങ്ങുവാൻ ആയുധം തന്ന മലയാളം.
ഉപ്പു കർപ്പൂരം, ഉമിക്കരി ഉപ്പേരി തൊട്ടുകാണിച്ച മലയാളം.
പുള്ളുവൻ വീണ, പുല്ലാങ്കുഴൽ, നന്തുണിച്ചൊല്ലുകേൾപ്പിച്ച മലയാളം.
പൊട്ടിക്കരഞ്ഞുകൊണ്ടോടിവീഴുന്നു കഷ്ടകാലത്തിൻ കയത്തിൽ.
രക്ഷിച്ചിടേണ്ട കൈ കല്ലെടുക്കുമ്പോൾ ശിക്ഷിച്ചു തൃപ്തരാകുമ്പോൾ
ഓമനത്തിങ്കൾക്കിടാവുചോദിക്കുന്നു
ഓണമലയാളത്തെ എന്തുചെയ്തു?
ഓമൽമലയാളത്തെ എന്തുചെയ്തു?"

(അമ്മമലയാളം—കുരീപ്പുഴ ശ്രീകുമാർ)